കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – കോഴിക്കോട് കോർപ്പറേഷന്റെ 28/01/2014 ലെ 90 ാം നമ്പർ കൗൺസിൽ തീരുമാനം താൽക്കാലികമായി സ്റ്റേ ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 382/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 11/02/2014

പരാമർശം : കോഴിക്കോട് കോർപ്പറേഷൻ കൗൺസിലർ ശ്രീമതി.എം.ടി.പത്മ 28/01/2014 ന് നഗരകാര്യ വകുപ്പ് മന്ത്രിക്ക് സമർപ്പിച്ച നിവേദനം

<u>ഉത്തരവ്</u>

കോഴിക്കോട് കോർപ്പറേഷനിൽ കണ്ടിജൻസി ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് വൻ ക്രമക്കേട് നടന്നതായി പരാമർശത്തിലെ നിവേദനത്തിൽ ആരോപിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 28/01/2014 ലെ 90 ാം നമ്പർ തീരുമാനം നടപ്പിലാക്കുന്നത് താൽക്കാലികമായി നിർത്തിവെക്കണമെന്ന് പരാമർശത്തിലെ നിവേദനത്തിൽ സർക്കാരിനോട് അഭ്യർത്ഥിച്ചു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.

പരാമർശിത നിവേദനത്തിൽ ആരോപിച്ചിരിക്കുന്ന വസ്തുതകൾ കണക്കിലെടുത്ത് കോഴിക്കോട് കോർപ്പറേഷൻ കൗൺസിലിന്റെ 28/01/2014 ലെ 90 ാം നമ്പർ തീരുമാനം കേരളാ മുനിസിപ്പൽ ആക്ട് 1994 ചട്ടം 57 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് താൽക്കാലികമായി സ്റ്റേ ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ജയിംസ് വർഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ
ഡയറക്ടർ. ലോക്കൽ ഫണ്ട് അക്കൌണ്ട്സ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ